**കേരള സർക്കാർ**

**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 30**

**2017 ഫെബ്രുവരി 27 ലെ മറുപടിക്ക്**

**ജേക്കബ് തോമസിനെതിരായ ആരോപണങ്ങൾ**

| | ചോദ്യം<br>ശ്രീ റോജി എം ജോൺ | ഉത്തരം<br>ബഹു.കേരള മുഖ്യമന്ത്രി |
|---|---|---|
| എ | ഉറമുഖ വകുപ്പിന് ഡ്രഡ്ജർ വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിനെ തൽസ്ഥാനത്ത് നിന്നും നീക്കി ഉന്നതതല അന്വേഷണം നടത്തണമെന്ന് ചീഫ് സെക്രട്ടറി ശിപാർശ ചെയ്തിരുന്നുവോ; | (എ) യും (ബി) യും (സി) യും (ഡി) യും<br><br>തുറമുഖ വകുപ്പിന് ഡ്രഡ്ജർ വാങ്ങിയത് സംബന്ധിച്ചതുൾപ്പെടെയുള്ള, തുറമുഖ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ടിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രൊസിക്യൂഷന്റെ നിയമോപദേശത്തിനായി സമർപ്പണത്തിലാണ്. ആയത് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | |
| സി | 2011-12 കാലയളവിൽ തുറമുഖ വകുപ്പിൽ നടന്ന ഇടപാടിൽ കുറഞ്ഞ നിരക്ക് നൽകിയ കമ്പനിയെ ഒഴിവാക്കി IHC മെർവീഡ് എന്ന കമ്പനിക്ക് ടെൻഡർ നൽകിയതിലെ ക്രമക്കേട് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അതിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ; | |
| ഡി | സ്റ്റോർ പർച്ചേസ് മാന്വലിനും കേന്ദ്ര വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശത്തിനും എതിരായി പ്രവർത്തിച്ച അന്നത്തെ തുറമുഖ വകുപ്പ് ഡയറക്ടർക്കെതിരെ അഴിമതി നിരോധിത നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**